# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 341** **11.05.2017-ൽ മറുപടിക്ക്**

## സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് : | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണം ഏതു ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ; | (എ) | 04.05.2017 ലെ കണക്കുകൾ പ്രകാരം 1,50,520 ഉപഭോക്താക്കൾ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 1,47,400 പേർക്കും ഇതിനോടകം വൈദ്യുതി കണക്ഷൻ നൽകികഴിഞ്ഞു. വനം വകുപ്പിന്റെ അനുമതി താമസിച്ച് ലഭിച്ചതോ ലഭിക്കാത്തതോ ആയ പ്രദേശങ്ങളിലും, മറ്റു ഭൂഉടമകളുടെ എതിർപ്പിനെ തുടർന്ന് റവന്യൂ അധികൃതരുടെ തീർപ്പിനായി കാത്തിരിക്കുന്നതും നിശ്ചിത സമയത്തിനുള്ളിൽ വയറിംഗ് പൂർത്തിയാകാത്തതുമായ ഉപഭോക്താക്കൾക്കാണ് പ്രധാനമായും ഇനിയും വൈദ്യുതി കണക്ഷൻ നൽകാനാകാത്തത്. ഭൂഗർഭ കേബിൾ ഉപയോഗിച്ച് മാത്രം വൈദ്യുതി എത്തിക്കാൻ അനുവാദം ലഭിച്ച ചില കോളനികളിലും, മാർച്ച് അവസാന വാരം മാത്രം അപേക്ഷ ലഭിച്ചതുമായ ഉപഭോക്താക്കൾക്കും വൈദ്യുതി എത്തിക്കാൻ ഏതാനും ദിവസം കൂടി ആവശ്യമാണ്.<br><br>സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി വൈദ്യുതി ലൈൻ എത്തിപ്പെട്ടില്ലാത്ത ഉൾനാടൻ പ്രദേശങ്ങളിൽ സൗരോർജ്ജനിലയം സ്ഥാപിച്ച് വൈദ്യുതി നല്കുന്നതിനുവേണ്ടി ഉപഭോക്താക്കളെ കണ്ടെത്തി അവരുടെ ഭവനങ്ങൾ വൈദ്യുതീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് നടപ്പിലാക്കി വരുന്നു |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിയുടെ പ്രയോജനം എന്നവരെ അപേക്ഷിച്ചവർക്കാണ് ലഭിക്കുകയെന്ന് വ്യക്തമാക്കുമോ; | (ബി) | 2017 മാർച്ച് 31-നകം അപേക്ഷ സമർപ്പിച്ച വാസയോഗ്യമായ വീടുകൾക്കും, അന്നേക്ക് പ്രവർത്തനക്ഷമമായ അംഗൻവാടികൾക്കും വൈദ്യുതി എത്തിക്കുക എന്നതാണ് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) | വനത്തിനുള്ളിലൂടെ വൈദ്യുതി വിതരണ ലൈനുകൾ സ്ഥാപിയ്ക്കാൻ വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ അനുമതി ഇതിന് ആവശ്യമായി വരാറുണ്ട് എന്നതിനാൽ ഇതിനു കാലതാമസം ഉണ്ടാകാറുണ്ട്. മറ്റ് വസ്തുക്കളിലൂടെ ലൈൻ കടന്നുപോകുന്നതിനെ ഉടമകൾ എതിർത്താൽ റവന്യൂ അധികൃതരുടെ അനുമതിയോടുകൂടി മാത്രമേ ലൈൻ നിർമ്മിക്കാനാവുകയുള്ളൂ. വനംവകുപ്പിൽ നിന്നും റവന്യൂ വകുപ്പിൽ നിന്നും നല്ല സഹകരണം ലഭിക്കുന്നുണ്ട് എങ്കിലും സാങ്കേതികതടസ്സങ്ങൾ പദ്ധതി പൂർത്തീകരണത്തിനു കാലതാമ.സമുണ്ടാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ തന്നെ വയറിംഗ് പൂർത്തിയാക്കി അപേക്ഷിക്കണമെന്നാണ് സമ്പൂർണ്ണ വൈദ്യുതീകരണപദ്ധതിയിൽ ഉദ്ദേശിച്ചിരുന്നതെങ്കിലും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും പട്ടികവർഗ്ഗത്തിലുംപെട്ട ഗുണഭോക്താക്കൾക്ക് KSEB വയറിംഗ് നടത്തി നൽകേണ്ടി വന്നിട്ടുണ്ട്<br>ദുർഘടമായ ഭൂപ്രകൃതിയും വനമേഖലയും ഒറ്റപ്പെട്ട എത്തിപ്പെടുത്താൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിൽ സൗരോർജ്ജനിലയം സ്ഥാപിക്കാൻ വേണ്ട സോളാർ പാനലുകൾ, ബാറ്ററി, ഇൻവെർട്ടർ, സപ്പോർട്ടിംഗ് സ്ട്രക്ചർ എന്നിവ എത്തിച്ച് പണി പൂർത്തീകരിക്കുന്നതിന് ധാരാളം വെല്ലുവിളികൾ നേരിടുന്നുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**